മംഗളം

July 8, 2016

# മത്തി കുറഞ്ഞു; നഷ്ടം 150 കോടി

കൊച്ചി: കഴിഞ്ഞ വർഷം സംസ്ഥാനത്ത് മത്തിയുടെ ലഭ്യതയിലുണ്ടായ കുറവുമൂലം 150 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായെന്നു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠന റിപ്പോർട്ട്. ക്ഷാമം മൂലം മത്സ്യമേഖലയിൽ 28.2 ശതമാനം തൊഴിൽ കുറഞ്ഞെന്നും മത്തിവിലയിൽ 60 ശതമാനം വർധന ഉണ്ടായെന്നു ചൂണ്ടിക്കാട്ടുന്ന റിപ്പോർട്ട് മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ സി.എം.എഫ്.ആർ.ഐയിൽ വിളിച്ചു ചേർത്ത, ഫിഷറീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സംയുക്ത യോഗത്തിലാണ് പഠന റിപ്പോർട്ട് സി.എം.എഫ്.ആർ.ഐ മന്ത്രിക്ക് സമർപ്പിച്ചത്.

അതിരു കടന്നുള്ള മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽ നിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് തുടങ്ങിയവയാണ് ജനകീയ മത്സ്യമായ മത്തി കുറയുന്നതിനുള്ള പ്രധാന കാരണങ്ങളായി സി.എം.എഫ്.ആർ.ഐ. കണ്ടെത്തിയത്. 2010–2012 കാലയളവിൽ വൻതോതിൽ മത്തികുഞ്ഞുങ്ങളെ പിടിച്ചെടുത്തത് രണ്ടുവർഷങ്ങളിൽ മത്തി കുറയുന്നതിന് പ്രധാന കാരണമാണെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



മത്തിലഭ്യതയിൽ ഈ വർഷം വർധനവിന് സാധ്യതയില്ലെന്നും സി.എം.എഫ്.ആർ.ഐയിലെ ഫിഷറി എൺവയൺമെന്റ് ആൻഡ് മാനേജ്മെന്റ് ഡിവിഷൻ മേധാവി ഡോ വി. കൃപയുടെ നേതൃത്വത്തിൽ നടന്ന പഠനത്തിലുണ്ട്. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നതിലുള്ള നിരോധനം കൂടുതൽ ശക്തമാക്കണമെന്ന് സി.എം.എഫ്.ആർ. ഐ സർക്കാരിനോട് ആവശ്യപ്പെട്ടു.

കേരളത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രവിദ്യകൾ യഥാസമയം മത്സ്യത്തൊഴിലാളികളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിന് ഒരു സ്ഥിരം സംവിധാനം കൊണ്ടുവരുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച മന്ത്രി പറഞ്ഞു. ഇതിനായി എല്ലാ ഗവേഷണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കും. ട്രോളിങ് നിരോധനത്തോടൊപ്പം അനുബന്ധമായി നടപ്പാക്കേണ്ട മറ്റ് കാര്യങ്ങൾ ചെയ്യുന്നതിലുള്ള വീഴ്ചയാണ് മത്സ്യമേഖലയിലെ സ്തംഭനാവസ്ഥയ്ക്ക് കാരണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.